

# ജി എച്ച് എസ് കരിപ്പൂർ



# ഡിജിറ്റൽ മാഗസിൻ

# INCITE

– ലിറ്റിൽ കൈറ്റ്സ്
ജിഎച്ച്എസ് കരിപ്പൂർ

# ആമുഖം

വിവരസാങ്കേതികവിദ്യ ഇന്ന്
കുതിച്ചുചാട്ടത്തിന്റെ പാതയിലാണ് .സ്കൂൾ
വിദ്യാഭ്യാസത്തിൻറെ എല്ലാ മേഖലകളിലും
അതിൻറെ പ്രഭാവം തെളിഞ്ഞു കാണാൻ
കഴിയും. കുഞ്ഞുങ്ങളുടെ വാക്കും വരയും
ഒരിക്കലും മായാതെ മാരിവിൽ ചന്തത്തോടെ
ഡിജിറ്റലായി നമുക്ക് സൂക്ഷിക്കാം .ഞങ്ങൾ
ഗവൺമെൻറ് എച്ച് എസ് കരിപ്പൂരിലെ ലിറ്റിൽ
കൈറ്റ്സ് കുട്ടുകാർ സ്കൂളിൻറെ കയ്യൊപ്പ്
പതിച്ച ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായ്
സമർപ്പിക്കുന്നു...

– ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ

# ഉള്ളടക്കം

1. Drop of love
2. അമ്മ
3. Read it...you can
4. മൗനമായ്
5. Quote
6. കത്തി തീരാത്ത ബൾബ്
7. മനസ്സിൽ പകർത്താം
8. മരം
9. The nature
10. കുടുംബബന്ധങ്ങൾ ഊഷ്മളമാകട്ടേ
11. പ്രാദേശിക ചരിത്രം
12. പ്രഭാതം
13. Neurelink

മയിൽപ്പീലിയിൽ ജീവന്റെ തുടിപ്പും
മഴവില്ലിൽ ജൈവ ലോകവും
കണ്ടെത്തുന്നവരാണ് നമ്മുടെ
കുഞ്ഞുങ്ങൾ .ഭാവനയുടെയും വരകളുടെയും
വർണങ്ങളുടെയും ഒരു പുതിയ ഡിജിറ്റൽ
ലോകം സൃഷ്ടിക്കുന്ന Little Kites
കൂട്ടുകാരുടെ Incite ന് എല്ലാവിധ
ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

– ബീന കെ.പി

(HM)

ലോകത്തിൻ്റെ പ്രത്യാശയും
പ്രതീക്ഷയുമാണ് കുട്ടികൾ. ഈ പ്രത്യാശയ്ക്കും
പ്രതീക്ഷയ്ക്കും ജീവൻ്റെ ചിറകുകൾ
നൽകാൻ അവർക്ക് കൂട്ടായ് ഇന്ന്
മാതാപിതാക്കളും അധ്യാപകരും വിവര
സാങ്കേതികവിദ്യയുമുണ്ട്. ചിറകുവിടർത്തി
പറക്കാൻ Incite ഒരു നീലാകാശമാകട്ടെ
എൻ്റെ കുഞ്ഞുങ്ങൾക്ക് .....
ആശംസകളോടെ

– പ്രമോദ്. പി
( PTA President)

# DROP OF LOVE

The Drop of love
Falls with the sound of joy
Gives the smell of memory
Get the site of hope

Those drops cools the heart
Dark sky begin to tell
This is for you
Yah...this is for you

The dancing trees smile
Flowers sings
The drop from their tip
Oh...it's a wonder

- Mikha Janaki 8 C

# അമ്മ

കത്തിജ്വലിക്കുന്ന സ്നേഹമാണമ്മ
താരാട്ടുപാട്ടും പൂനിലാവ്
കാറ്റായ് മഴയായ് തഴുകി ഉണർത്തുന്ന
സൂര്യകിരണമാണമ്മ......

പൂപോൽ മൃദുലമാണമ്മ തൻ സ്നേഹം
ഭവനത്തിൻ ഐശ്വര്യമാം നിലവിളക്കും
മിഴികൾ നിറയുമ്പോൾ സാന്ത്വനമയ്
മൊഴികൾ ഇടറുമ്പോൾ സ്നേഹവുമായ്......

പൂവിനെക്കാൾ സൗന്ദര്യം
അമ്മതൻ സ്നേഹത്തിനുണ്ട്
തേനിനെക്കാൾ മാധുര്യം
അമ്മതൻ വാത്സല്യത്തിലുണ്ട്........

കുടുംബബന്ധം കാത്തു സൂക്ഷിക്കും
കരുണമയയാം അമ്മതൻ മുന്നിൽ
വിനയാന്വിതയായി ഞാൻ കൈതൊഴുന്നേൻ......

- Sarang 10 B

# READ IT , YOU CAN

Go through those pages
That have been written over ages.
He says,
'I can make brighter days
When some one falls
I lift them up from their faults.

I've been in mad love
'Coz you make me fly like a dove
You can't get what I'm talking 'bout,
I'm trying to say it aloud
But before me
The others said to me

'Are you talking 'about books?'

And I answered,

"Yes, read it,

'Coz you can do it!'

**- Irfan Muhammad. R 9 C**



- Bhadra 10 B

# മൗനമായ്

ഒരു മഴയിതളിൽ നിന്നുതിർന്നു കണ്ണുനീർ.
മഴയായ് വെയ്യോരാ വാനിൽ നിന്നും.
മധു നുകരാൻ കഴിയാത്തൊര വണ്ടുകൾ.
ഉള്ളുങ്ങളിൽ മൗനമായ്.
വിടരുവാൻ വെമ്പുന്ന മലരുകൾ.
മഴ നനഞ്ഞു കുതിർന്നു വീഴുന്നു.
പാറിപ്പറക്കുന്ന ശലഭങ്ങൾ
നിർവൃതി പൂണ്ടു തപസ്സിൽ
ഒരു കണ്ണുനീർ കണം പോലെ
വെയ്യൊഴിയാൻ എനിക്കും
ആകുമായിരുന്നെങ്കിൽ
അണയാൻ കൊതിക്കുന്ന കരിംതിരിയായ്
ഉമ്മറപ്പടിവാതിലിൽ ഇരുന്നേനേ

- Ananthan.B S 9 B

# QUOTES

Every new day is a
Chance to change your life

Life is hard
But not impossible

Life comes from the earth
And life returns to the earth

Go on your path, Even
If you live for a day

Everything is possible
When you believe

- Anasij.MS 10 B



# കത്തി തീരാത്ത ബൾബ്



പുതിയ പുതിയ ഉപകരണങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന ശാസ്ത്രജ്ഞൻ ആയിരുന്നു ജോസഫ്.

ഇന്ന് പുതിയൊരു വിദ്യ കാട്ടിത്തരാം ജോസഫ് ഒരു ദിവസം കൂട്ടുകാരനായ ജാക്കനോട് പറഞ്ഞു എന്നിട്ട് ജോസഫ് ഒരു ഗ്ലാസ് കൊണ്ടുള്ള രണ്ട് ചെറിയ കുഴികൾ എടുത്തു. അതിനുള്ളിൽ ചുറ്റിവളഞ്ഞു ചെറിയ കമ്പികൾ "ദാ നോക്കിക്കോളൂ".... ജോസഫ് കുഴലുകൾ ചെമ്പ് കമ്പി കൊണ്ട് ഒരു പെട്ടിയുമായി ബന്ധിച്ചു. ഒരു നിമിഷം! ഗ്ലാസ് കുഴലിനുള്ള കമ്പികൾ കത്തി തെളിഞ്ഞു ..വെളിച്ചം തെളിഞ്ഞു ! പെട്ടെന്ന് തന്നെ അത് അണയുകയും ചെയ്തു ജാക്കിന് ഒന്നും തോന്നിയില്ല. ഇത്തരം സൂത്രപ്പണികൾ ജോസഫ് ഇടയ്ക്കിടയ്ക്ക് കാണിക്കാറുണ്ട്.

"നീയെന്താ മിണ്ടാതിരിക്കുന്നത്? നാളെ ലോകത്തിനു മുഴുവൻ വെളിച്ചം കാണിക്കാൻ പോകുന്ന കണ്ടുപിടിത്തമാണിത് വൈദ്യുതി കൊണ്ട് കത്തുന്ന വിളക്ക്" ജോസഫ് പറഞ്ഞു.

അല്പം ആലോചിച്ചിട്ട് ജാക്ക് പറഞ്ഞു "സത്യം പറഞ്ഞാൽ നീ വിഷമിക്കരുത് ഇതൊരു മണ്ടൻ കണ്ടുപിടിത്തമാണ് എന്ന് തോന്നുന്നു. ഒന്നാമത് വളരെ ചെറിയ സമയമേ വിളക്ക് കത്തിയുള്ളൂ. കണ്ടിടത്തോളം വിളക്കുണ്ടാക്കാനുള്ള ചെലവ് വളരെ കൂടുതലുമാണ് അതിനാൽ ഈ വിളക്ക് ആരും ഉപയോഗിക്കാൻ പോകുന്നില്ല"

ഇതുകേട്ട ജോസഫ് പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു" നീ പറഞ്ഞത് ശരിയാണ് ഈ വിളക്കിപ്പോൾ ഒരു മിനിറ്റ് മാത്രമാണ് കത്തിയത്. ചെലവും കൂടുതലാണ്. പക്ഷേ ഞാൻ കണ്ടെത്തിയ വിളക്ക് നാളെ എന്നെക്കാൾ
മിടുക്കരായവർ പരിഷ്കരിക്കും. നമ്മൾ ചെയ്യുന്ന നല്ല ശ്രമം ഒന്നും പാഴാവില്ല"

ബ്രിട്ടീഷുകാരനായ Joseph Swan ആയിരുന്നു ആദ്യത്തെ ബൾബ്



നിർമ്മിച്ച ആ
മനുഷ്യൻ .അദ്ദേഹത്തി
ൻറെ വാക്കുകൾ
സത്യമായി....
മാസങ്ങൾക്ക് ശേഷം
തോമസ് ആൽവാ
എഡിസൺ
മണിക്കൂറുകൾ കത്തുന്ന
ബൾബ് കണ്ടുപിടിച്ചു.

വർഷങ്ങളോളം
അണയാതെ കത്തുന്ന
ബൾബുകളുടെയെല്ലാം
തുടക്കം Joseph Swan
കണ്ടുപിടിച്ച ആ
ബൾബിൽ നിന്നാണ്

- Niranjana 10 B



# മനസ്സിൽ പകർത്താം

ഭൂമിയുടെ ഉപഗ്രഹമാണല്ലോ ചന്ദ്രൻ . എന്നാൽ എഴുത്തുകാർക്കു ചാന്ദ്രൻ വെറുമൊരു ഉപഗ്രഹം മാത്രമല്ല അവരുടെ ഭാവനാ ലോകത്തെ സമ്പന്നമാക്കുന്ന മധുചന്ദ്രികയാണ്. എഴുത്തുകാർ ഏതെല്ലാം വിധത്തിൽ ചന്ദ്രനെ ഭാവനയിൽ കാണുന്നുണ്ട് , എന്ന് നിങ്ങൾ പല കവിതകളിലും വായിച്ചു കാണുമല്ലോ? കവികൾ എത്രമാത്രം ചന്ദ്രനെ സ്നേഹിക്കുന്നുണ്ട് എന്ന് നമുക്ക് അവരുടെ കവിതകളിലൂടെ അനുഭവിച്ചറിയാം.

കവികളെപ്പോലെ നമുക്കും ചന്ദ്രനെ സ്നേഹിക്കണം എങ്കിൽ എന്തു ചെയ്യണം ? അമ്പിളിമാമനോട് കൂട്ടുകൂടണം .അമ്പിളിയുടെ പൂനിലാവ് ആസ്വദിക്കണം.പ്രകൃതിയെ തൊട്ടറിയാൻ ശ്രമിക്കണം.

പക്ഷേ,ഇന്ന് എത്രപേർക്ക് അതിന് കഴിയുന്നുണ്ട് പണ്ടത്തെ കവികളെ പോലെ പൂവിനെയും പുല്ലിനെയും പുഴയെയും മുതൽ മാനത്തെ അമ്പിളിമാമനെ വരെ സ്നേഹിച്ചു നോക്കൂ.നിങ്ങൾക്കും കവികളെ പോലെ പ്രകൃതിയെയും അമ്പിളിമാമനെയും ഒക്കെ സ്നേഹിക്കാനാവും.അമ്പിളിമാമനെ പറ്റി മധുരമുള്ള കവിതകൾ എഴുതുവാനുമാവും.എല്ലാ ഇംഗ്ലീഷ് മാസവും.ഒരുതവണയെങ്കിലും പൂർണ്ണചന്ദ്രൻ ഉദിക്കാത്ത മാസമില്ല.എന്നാൽ,പൂർണ്ണചന്ദ്രൻ ഉദിച്ചു

തരാത്ത ഒരു മാസം മനുഷ്യൻ കണ്ടിട്ടുണ്ട്. 1886ഫെബ്രുവരി ആയിരുന്നു അത്.ഈ മാസം പൂർണ്ണചന്ദ്രൻ ഉണ്ടായിരുന്നേ ഇല്ല.എന്നാൽ ആ വർഷം ജനവരി മാർച്ച് മാസത്തിൽ  രണ്ടു തവണ പൂർണ്ണചന്ദ്രൻ ഉദിച്ചു.നമുക്കിനി അങ്ങനെയൊരു മാസം കാണാനാകും എന്ന് കരുതേണ്ട .25 ലക്ഷം വർഷം കൂടുമ്പോഴാണ് ഇത്തരത്തിൽ ഒരു പൂർണ്ണചന്ദ്രൻ ഉദിക്കാത്ത ദിനം ഉണ്ടാകുന്നത് എന്നാണ് ജ്യോതിശാസ്ത്രജ്ഞർ കണക്കുകൂട്ടുന്നത്T

- Aiswarya A  10 C

# മരം

ഒരിക്കൽ ഒരു യുവതാപസി വൃദ്ധാതാ പസിയോട് ചോദിച്ചു .ഒരു സാധാരണ സ്ത്രീ ജന്മത്തിന്റെ തലങ്ങൾ ഏതൊക്കെയാണ്? പുഞ്ചിരിയോടെ ഒരു വിത്തെടുത്ത് യുവതാപസിയ്ക്ക് നേരെ നീട്ടിക്കൊണ്ട് പറഞ്ഞു "ഇത് തരും നിനക്കുള്ള ഉത്തരം"യുവ താപസി വിത്ത് നട്ടു മുളപ്പിച്ചു. അതിൽ ഇലകൾ എത്തിനോക്കി, ചില്ലകൾ കൈ നീട്ടി ,തേനും സുഗന്ധവുമുള്ള പൂക്കൾ മരത്തിന് തോരണം തൂക്കി, ചില പൂക്കൾ കൊഴിഞ്ഞു വീണു ,ചിലത് മധുരമുള്ള പഴങ്ങളായി മാറി, ജീവജാലങ്ങൾ മരം തേടിയെത്തി, ചിലർ പഴങ്ങൾ ഭക്ഷിച്ചു, ചിലർ അതിൽ കൂടൊരുക്കി, ചിലർ ചില്ലകൾ വെട്ടിയൊതുക്കി നിർത്താൻ ശ്രമിച്ചു, വെയിലും മഴയും മാറിമാറി വന്നു ,കാറ്റ് ചില ഇലകൾ ഇലകളെ കളഞ്ഞു. അവസാനം വേരും തടിയും ഉണങ്ങാൻ തുടങ്ങി. ഒരു മഴയിൽ ആ മരം കടപുഴകി വീണു. ഉണങ്ങിയ മരിച്ചില്ലകൾ അടുപ്പിൽ ഇരുന്നെരിയുമ്പോൾ പെട്ടെന്ന് യുവ താപസി വൃദ്ധാതാപസിയുടെ വാക്കുകളോർത്തു പിന്നെ ഒട്ടും താമസിച്ചില്ല. തൻ്റെ വീട്ടിലേക്ക് ഓടിയെത്തിയപ്പോൾ അമ്മയുടെ ചിത എരിഞ്ഞ് തീരാറായിരുന്നു ..........വീണ്ടും ഒരു മരത്തിന് വളം ആകുവാൻ വെമ്പൽ കൊള്ളും പോലെ.......

– സുമി സച്ചിൻ
മലയാള അധ്യാപിക

# The nature

The trees are dancing
in the breeze
The flowers are dancing
with song of birds
Butterflies sipping drops
Of honey
Clouds floating in the sky
Raindrops showering
Pearls
Rainbow colouring the
Sky
Day by day nature make a heaven for us

-SARGA S KISHOR 6 C

## കുടുംബബന്ധങ്ങൾ ഊഷ്മളമാകട്ടെ ......

ഇന്നത്തെ ലോകം സ്വാർത്ഥതയുടെയും വർണ്ണത്തിളപ്പിന്റെയും ആണ് .അതിനാൽ നന്മയുടെ അംശങ്ങൾ സമൂഹത്തിൽ നിന്നും മാഞ്ഞു പോയിക്കൊണ്ടിരിക്കുന്നു. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണു കുടുംബങ്ങളിലേക്ക് മാറിയപ്പോൾ സൗകര്യങ്ങളും ഒപ്പം സ്വാർത്ഥതയും വർദ്ധിച്ചു. അതോടൊപ്പം ജീവിത പ്രശ്നങ്ങൾ നേരിടാനുള്ള കഴിവ് പുതുതലമുറയ്ക്ക് നഷ്ടമായി. ആഡംബരത്തിലും പ്രകടനങ്ങളിലും താല്പര്യമുള്ളവരായി പുതുതലമുറ വളർന്നുവന്നു. ആവശ്യത്തിന് ഉപയോഗിക്കുക ശേഷം എറിഞ്ഞു കളയുക എന്നതായി ജീവിതരീതി. അതോടൊപ്പം തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു തന്ന മാതാപിതാക്കളെ കൊണ്ടുള്ള ഉപയോഗം കഴിയുമ്പോൾ അവരെയും നിർദയം വലിച്ചെറിയുന്ന ഒരു സംസ്കാരം ഉടലെടുത്തു. മൊബൈൽ ഫോൺ പോലുള്ള മാധ്യമങ്ങളുടെ കടന്നുവരവ് കുടുംബാംഗങ്ങൾ തമ്മിൽ ഒന്നിച്ചിരുന്ന് വിശേഷങ്ങൾ പങ്കുവയ്ക്കാനുള്ള അവസരങ്ങൾ പലപ്പോഴും ഇല്ലാതാക്കി. തിളക്കമുള്ള ലോകത്തിൻ്റെ മായയിൽപ്പെട്ട് ബന്ധങ്ങൾ തിരിച്ചറിയാൻ പോലും നമ്മളിൽ പലർക്കും കഴിയാതായി .അതിനാൽ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ക്ഷമയുടെയും നന്മയുടെയും വിട്ടുവീഴ്ചയുടെയും ബാലപാഠങ്ങൾ നാം കുടുംബങ്ങളിൽ നിന്നുതന്നെ പഠിക്കണം. കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢവും ശക്തവും ആകണം അതിനായി നമുക്ക് ഓരോരുത്തർക്കും നമ്മുടെ കുടുംബങ്ങളിൽ നിന്ന് തന്നെ പുതിയ തുടക്കത്തിന് തിരിതെളിക്കാം

- Adhitya .R 8 B

# കരിപ്പൂരിന്റെ പ്രാദേശിക ചരിത്രം

തിരുവനന്തപുരം ജില്ലയുടെ വടക്ക് കിഴക്കായ് സ്ഥിതി ചെയ്യുന്ന മലയോരപട്ടണം ആണ് നെടുമങ്ങാട്. നെടുമങ്ങാട് പട്ടണത്തിൽ നിന്ന് രണ്ടു നാഴിക കിഴക്ക് ദിക്കിലേക്ക് സഞ്ചരിച്ചാൽ വൃക്ഷലതാദികളുടെ പച്ചപുതപ്പണിഞ്ഞ രാമനാട്ടത്തിന്റെ മേള പദം മുഴങ്ങുന്ന കരിപ്പൂർ എന്ന ദേശം കാണാം.തിരുവിതാംകൂറിന്റെ ചരിത്രത്തിൻറെ ഹൃദയത്തുടിപ്പുകൾഉൾക്കൊള്ളുന്ന പ്രാചീന സംസ്കൃതിയുടെ കേളി രംഗമാണ് ഇവിടം വനപ്രദേശം ആയിരുന്നു ഈ നാട്ടിൽ പണ്ട് കൃഷിയായിരുന്നു ഉപജീവനമാർഗ്ഗം. കൃഷിക്കാവശ്യമായ വളം കണ്ടെത്താൻ ഉണങ്ങിയ കുറ്റിക്കാടുകളും മറ്റും കരിച്ചെടുക്കുമായിരുന്നു ഇങ്ങനെ കരിപ്പ നടത്തിയിരുന്നഊരാണ് പിന്നീട് കരിപ്പൂർ എന്ന ദേശനാമം ആയി മാറിയതായി പറയപ്പെടുന്നു കരിപ്പൂരിന്റെ ചരിത്രത്തിൽ നിന്നും ഐതിഹ്യങ്ങളിൽ നിന്നുംഒഴിച്ച് നിർത്താൻ ആവാത്ത കോയിക്കൽ കൊട്ടാരം കൊട്ടാരം വിളയിലെ കരിപ്പൂർ കൊട്ടാരം കോട്ടപ്പുറം ക്ഷേത്രം മുടിപ്പുര ഭദ്രകാളി ക്ഷേത്രം എന്നിവയിലൂടെ നമുക്കൊന്ന് സഞ്ചരിക്കാം.

നെടുമങ്ങാട് നഗര പ്രാന്തത്തിൽ ശിവക്ഷേത്രത്തിന് അടുത്തായി സ്ഥിതി ചെയ്യുന്ന കോയിക്കൽ കൊട്ടാരം പതിനേഴാം നൂറ്റാണ്ടിൽ പണികഴിപ്പിച്ചതായികരുതപ്പെടുന്നു.വേണാട് രാജ്യത്തിൻറെ റീജന്റ് ആയിരുന്ന ഉമയമ്മ റാണിയുടെ വസതിയായിരുന്നു ഇത്.ഫോക്ലോർമ്യൂസിയമായ ി ഈ കൊട്ടാരം ഇന്ന് നിലകൊള്ളുന്നുമ്യൂസിയമായി

ഈ കൊട്ടാരം ഇന്ന് നിലകൊള്ളുന്നു.ഇരുനിലയിലായി സ്ഥിതിചെയ്യുന്ന കൊട്ടാരത്തിന്റെ




മേൽക്കൂര വാസ്തുവിദ്യ കൊണ്ട് പ്രശസ്തമാണ്. .നാടൻ കലാ മാതൃകകൾ, പാത്രങ്ങൾ, താളിയോലകൾ, പുരാതന ആയുധങ്ങൾ. അപൂർവ താളവാദ്യം ആയ ചന്ദ്ര വളയം,യേശുക്രിസ്തുവിന് സമ്മാനിക്കപ്പെട്ടതായി കരുതപ്പെടുന്ന ബൈബിളിൽ വിവരിക്കുന്ന അമൈത എന്ന നാണയം ഉൾപ്പെടുന്ന അപൂർവനാണയ ശേഖരം അടങ്ങുന്നതാണ് മ്യൂസിയം.നാളെ ശേഖരത്തിന് ഇന്ന് കൊട്ടാരം കേരളത്തിൽ തന്നെ വളരെ പ്രസിദ്ധമാണ്

മറ്റു കൊട്ടാരങ്ങൾക്ക് സമാനമായി നടുമുറ്റത്ത് നിന്ന് വെള്ളം പുറത്തേക്ക് ഒഴുകുന്നതിനായി കൽപ്പായിപ്പുകൾ ഉപയോഗിച്ചിരിക്കുന്നു വരാന്തയുടെ നാലു വശങ്ങളിലും ഉണ്ട്



കൊട്ടാരത്തിന്റെ താഴത്തെ നിലയിലായി ഒരു നിലയുമുണ്ട്.ഇതിനോട് ചേർന്നുള്ള തുരങ്കം കരിപ്പൂര് കൊട്ടാരവുമായി ബന്ധപ്പെട്ട് കിടക്കുന്നതായി പറയപ്പെടുന്നുവെങ്കിലും ഇത് തെളിയിക്കാൻ പുരാവസ്തു വകുപ്പിന് തെളിവുകൾ ഒന്നും ലഭ്യമായിട്ടില്ലകൊട്ടാരത്തിന്റെ പ്രവേശന കവാടത്തിന് അടുത്തുള്ള ഒരു മുറി പൂജാമുറിയായികൊട്ടാരത്തിന്റെ പ്രവേശന കവാടത്തിന് അടുത്തുള്ള ഒരു മുറി പൂജാമുറിയായി ഉപയോഗിച്ചിരിക്കുന്നു അവിടെ മല്ലൻ തമ്പുരാൻ എന്നറിയപ്പെടുന്ന ഒരു പരമ്പരാഗത ഭക്ഷണക്കാരനെ ആരാധിച്ചിരുന്നു.

നെടുമങ്ങാട് കോയിക്കൽ കൊട്ടാരം പണികഴിപ്പിക്കുന്നതിന് വളരെ മുമ്പ് തന്നെമറ്റൊരു കൊട്ടാരം തരിപ്പൂരിൽ ഉണ്ടായിരുന്നതായി കണ്ടെത്തിയിരിക്കുന്നു കോഴിക്കോട് കൊട്ടാരം പണിത് താമസിക്കുന്നതിന് മുമ്പ് നെടുമങ്ങാട് താമസിച്ചിരുന്നതായി പറയപ്പെടുന്ന കൊട്ടാരം കരിപ്പൂര് കൊട്ടാരം പതിമൂന്നാം നൂറ്റാണ്ടിന് മുമ്പ് തന്നെ ഈ കൊട്ടാരം കാലപ്പഴക്കത്തൽ  നാശോൻമുഖമായി.കരിപ്പൂര് കൊട്ടാരവും കോയിക്കൽ കൊട്ടാരവുംചരിത്രത്തിൽ വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു.കരിപ്പൂര് ദേശത്ത് സ്ഥിതി ചെയ്യുന്ന കോട്ടപ്പുറം ക്ഷേത്രം കരിപ്പൂർ ക്ഷേത്രം ഇവയുമായി തിരുവിതാംകൂർ ചരിത്രത്തിലെ തന്നെ അഭിവാജ്യ ഘടകമായി മാറുന്നു.



# പ്രഭാതം

നിദ്രപൂതച്ച രാവിൽ സൂര്യകിരണങ്ങൾ തട്ടിമാറ്റി
നല്ലൊരു നന്മ പുഞ്ചിരി കൺതുറന്ന് ഉണരുന്നിതാ
പ്രകാശം പരത്തി ജാലക വാതിൽ
തള്ളിത്തുറന്നു ഉറങ്ങും മനസ്സിനെ
പൊൻകിരണം കൈനീട്ടി എന്നെ വിളിച്ചുണർത്തി
പുലർ കാഴ്ച്ച കാണുവാനും
പൂവിൻ്റെ പുഞ്ചിരി കാണാൻ
എന്നെ മുറ്റത്ത് മാടിവിളിക്കുന്നു
പ്രഭാതം പൂമരക്കൊമ്പിൽ
തൂവൽ കുടഞ്ഞ് നിന്ന് നീലവാനം
പൊൻ പ്രഭയാൽ ഉദിച്ചുയർന്നു
സൂര്യൻ പച്ചില ചില്ലയിൽ വീണ മഴത്തുള്ളി
ഹിമകണങ്ങളിൽ തട്ടി വിടർന്ന തങ്കതിളക്കം
കുയിൽ പാട്ടിൽ തെളിഞ്ഞൊരാപ്രഭാതവും
മഞ്ഞിൽ തുള്ളികൾ തങ്ങിനിൽക്കുന്ന
ഓരോ പൂവിലും തേൻനുകരാനായി
എത്തിടുന്ന വർണ്ണ ശലഭങ്ങളും
ഉദയസൂര്യന്റ് പൊൻ കിരണങ്ങൾ
ഭൂമിയെ തഴുകുന്ന ഓരോ പ്രഭാതവും
നമുക്കായി ഉദിക്കട്ടെ ഒരായിരം പൊൻ പ്രഭാതങ്ങൾ....
പുത്തൻ പ്രതീക്ഷയാണ് ഓരോപ്രഭാതവും........
പുത്തൻ പ്രതീക്ഷയാണ് ഓരോപ്രഭാതവും......


- Arunima 9 C

# Neuralink

Neura link is a technology company building a device design to connect human brain directly to computers. The companies founded by Elone Mask in 2016 that's developed a brain computer interface called the link which is surgically embedded neural chip implant




designed to decode and stimulate brain activity. This private venture clients its neural device will allow people with paraplegia to regain movement and restore vision to those bone blind .According to Musk neural link implanted its first device in a patients brain or January 28 ,2024.



The implant itself called the link this coinsized brain ship is surgically embedded under this call where it receives information from neural threads that sign out into different sections of a subjects brain in control of motor skills. Each boy contains census capable of recording and emitting electrical current that are so fine and flexible that they can't be inserted by the

human hands. That's why neuraling has built a neuro surgical Robot that is designed become fully automated. The companies also developing and app that could allow a person to manipulate a keyboard and mouse using only their mind.
According to new links website the companies initial god is to help those immobilized by paralyse regain lost skill of communication.

**- Sheena.P (phusics science teacher)**



# THANK YOU